"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അബ്ദുൾ ഗഫൂർ, കൺസൾട്ടന്റ് (പി.എം.ആർ) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 80/2025-മേലുള്ള 20.01.2025-ലെ ഉത്തരവ് - അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.577/2025/H&FWD തീയതി,തിരുവനന്തപുരം, 27-02-2025

---

പരാമർശം:-

1. ഡോ.അബ്ദുൾ ഗഫൂർ, കൺസൾട്ടന്റ് (പി.എം.ആർ.) സമർപ്പിച്ച 26.12.2024 തീയതിയായ അപേക്ഷ (Annexure A10)
2. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-80/2025 -മേലുള്ള 20.01.2025-ലെ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.02.2025-ലെ DHS/2518/2025-EB3 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലാ ആശുപത്രിയിൽ നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന കൺസൾട്ടന്റ് (പി.എം.ആർ) ആയ ഡോ.അബ്ദുൾ ഗഫൂർ ടിയാന്റെ വാസസ്ഥലം മഞ്ചേരി ആയതിനാൽ മഞ്ചേരിയിൽ നിലവിലുള്ള കൺസൾട്ടന്റ് (പി.എം.ആർ.) തസ്തികയിൽ, ടിയാന്റെ കുഞ്ഞ് Autism ബാധിതനായതിനാൽ, നിയമനം നൽകുവാൻ ഒന്നാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് മുമ്പാകെ പരാമർശം (1) അപേക്ഷ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഈ വിഷയം സംബന്ധിച്ച് OA 80/2025 നമ്പർ ഹർജി ഫയൽ ചെയ്യുകയും ചെയ്തിരുന്നു.

2) OA 80/2025- മേൽ പരാമർശം (2) പ്രകാരം ബഹു:ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ, പരാമർശം (1) അപേക്ഷ, 2016-ലെ ഭിന്നശേഷിക്കാരുടെ നിയമം, Annexure A5 സർക്കുലർ, Annexure A6 ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 1-ാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരിക്കുന്നു. അതുവരേയ്ക്ക് മഞ്ചേരി ജനറൽ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള കൺസൾട്ടന്റ് (പി.എം.ആർ.) തസ്തികയിൽ നിയമനം നടത്തരുതെന്നും ബഹു:ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

3) ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ

ചേർക്കുന്നു:

10/06/2016 മുതൽ 22/04/2024 വരെ മലപ്പുറം ജില്ലയിലെ മഞ്ചേരി ജനറൽ ആശുപത്രിയിൽ പിഎംആർ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന ഡോ.അബ്ദുൾ ഗഫൂർ.എം ന് 11/03/2024 ലെ സ.ഉ. (സാധാ) നം.724/2024/ആകുവ ഉത്തരവ് പ്രകാരം പിഎംആർ വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനകയറ്റം നൽകി കൊല്ലം ജില്ലാ ആശുപത്രിയിൽ നിയമനം നൽകിയിരുന്നു. തുടർന്ന് ടിയാൻ 30/04/2024 ൽ കൺസൾട്ടന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. സ്ഥാനകയറ്റം നൽകി നിയമിക്കുന്ന സമയത്ത് തെക്കൻ ജില്ലകളിൽ മാത്രമാണ് പിഎംആർ വിഭാഗം കൺസൾട്ടന്റ് തസ്തികയുടെ ഒഴിവ് ഉണ്ടായിരുന്നത്. 14.08.2024 മുതൽ മഞ്ചേരി ജനറൽ ആശുപത്രിയിൽ കൺസൾട്ടന്റ് (പി.എം.ആർ.) തസ്തികയിൽ ഒഴിവ് നിലവിൽ വന്നു. ഡോ.അബ്ദുൾ ഗഫൂർ.എം-ന്റെ മകൻ Autism Spectrum Disorder അവസ്ഥയിൽ ഉള്ള കുട്ടിയാണെന്ന് കാണിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷകൻ ഹാജരാക്കിയിട്ടുള്ളതിനാൽ, കേന്ദ്ര സർക്കാരിന്റെ 08.10.2018-ലെ 42011/3/2014.Estt.(Res) നമ്പർ ഓഫീസ് മെമ്മോറാണ്ട പ്രകാരം ഡോ.അബ്ദുൾ ഗഫൂർ എം -ന്കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നും മഞ്ചേരി ജനറൽ ആശുപത്രിയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20/01/2025 ലെ ഉത്തരവ് നടപ്പിലാക്കാവുന്നതാണ്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് പി.എം.ആർ. വിഭാഗം കൺസൾട്ടന്റ് ഡോ.അബ്ദുൾ ഗഫൂറിന് കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നും മഞ്ചേരി ജനറൽ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള കൺസൾട്ടന്റ് (പി.എം.ആർ.) തസ്തികയിൽ സ്ഥലംമാറ്റം അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ബഹു:ട്രൈബ്യൂണലിന്റെ OA. 80/2025-ന്മേലുള്ള പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൊല്ലം/മലപ്പുറം.
ഡോ.അബ്ദുദുൾ ഗഫൂർ, കൺസൾട്ടന്റ് (പി.എം.ആർ.), Manachithodi House, Perimbadari.P.O., Manarkkad, Palakkad.
ആക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

മേലെഴുത്ത് കത്ത് നം: 2518/2025/ ഇബി-3 തീയതി: 28/2/25

ഉത്തരവിൻ പ്രകാരം

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Anupama G Nair
Date: 27-02-2025 12:20:28